**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2114** **09-12-2022 - ൽ മറുപടിയ്ക്ക്**

**മലയോര മേഖലകളിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. നിലമ്പൂർ ഡിപ്പോയിൽ നിന്നും ലാഭകരമായ രീതിയിൽ സർവ്വീസ് നടത്തിയിരുന്ന എരുമമുണ്ട-മെഡിക്കൽ കോളേജ്-കോഴിക്കോട്, ടി.കെ.കോളനി-മെഡിക്കൽ കോളേജ്-കോഴിക്കോട്, മുണ്ടേരി-മഞ്ചേരി-കോഴിക്കോട്, മരുത-പാലേമാട്-കോഴിക്കോട് എന്നീ മലയോര മേഖലകളിലേക്കുള്ള സർവ്വീസുകൾ നിർത്തലാക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | കോവിഡ് പ്രതിസന്ധി രൂക്ഷമായ സമയത്ത് മുഴുവൻ സർവ്വീസുകളും നിർത്തി വച്ച സാഹചര്യത്തിലാണ് പ്രസ്തുത സർവ്വീസുകളും നിർത്തലാക്കിയത്. ടി സർവ്വീസുകൾ കോവിഡ് കാലത്തിന് മുമ്പ് സ്റ്റേ സർവ്വീസുകളായിട്ടാണ് നടത്തിയിരുന്നത്.<br><br>വരുമാനം കുറഞ്ഞ സർവ്വീസുകളാണ് പുനരാരംഭിക്കുവാൻ കഴിയാത്തത്. |
| (ബി) | നല്ല രീതിയിൽ വരുമാനം ഉണ്ടായിരുന്ന പ്രസ്തുത സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് അറിയിക്കാമോ; ആയത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കാമോ; | (ബി) | കോവിഡാനന്തരം ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ അവസാനിച്ചതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി. നിർത്തി വച്ചിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 ജനുവരി മാസം നടത്തി വന്നിരുന്ന സർവ്വീസുകളിലെ ലാഭകരമായ എല്ലാ ട്രിപ്പുകളും ഇതിനോടകം തന്നെ പുനരാരംഭിച്ചിട്ടുണ്ട്. സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത വരുമാനക്കുറവുള്ള സർവ്വീസുകൾ / ട്രിപ്പുകൾ പുനഃക്രമീകരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഡീസൽ ചെലവിനുള്ള തുക ഈടാക്കിക്കൊണ്ട് ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്. എല്ലാ ഡിപ്പോയിൽ നിന്നും ടി പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യാനുസരണം സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജനവാസകേന്ദ്രങ്ങളായ പ്രസ്തുത റൂട്ടുകളിലേക്ക് സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിന് മലപ്പുറം ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർക്കും നിലമ്പൂർ അസിസ്റ്ററന്റ് ട്രാൻസ്പോർട്ട് ഓഫീസർക്കും നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കാമോ? | (സി) | ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ സാദ്ധ്യതാപഠനം നടത്തി യോഗ്യമായ സർവ്വീസ് നടത്തിപ്പിന് ബന്ധപ്പെട്ട മേഖല, ക്ലസ്റ്റർ, യൂണിറ്റ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം മേൽ റൂട്ടുകളും പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ